# രണ്ട് കിലോ ഹാഷിഷ് ഓയിൽ സഹിതം സിനിമാ നടൻ അറസ്റ്റിൽ

പെരുമ്പാവൂർ: വിപണിയിൽ കോടികൾ വിലമതിക്കുന്ന രണ്ട് കിലോ ഹാഷിഷ് ഓയിൽ സഹിതം സിനിമാ നടനെ പെരുമ്പാവൂർ സി.ഐ ബൈജു പൗലോസ് അറസ്റ്റ് ചെയ്തു. 'അനുരാഗ കരിക്കിൻവെള്ളം' എന്ന സിനിമയിൽ അഭിനയിച്ച ഇടുക്കി കമ്പിളിക്കണ്ടം കൊന്നത്തടിയിലെ മാടപ്പിള്ളി വീട്ടിൽ മട്ട് മനോജ് എന്ന ആന്റണി (38) ആണ് പിടിയിലായത്. കേരളത്തിലെ ഒരു പ്രമുഖ സിനിമാ നിർമ്മാതാവുമായി അടുത്ത ബന്ധമുള്ള മനോജ് നെടുമ്പാശേരി വിമാനത്താവളത്തിൽ ആർക്കോ കൈമാറാനായി ഹാഷിഷ് ഓയിലുമായി പോകുമ്പോഴാണ് പിടിയിലായത്. ഇയാളെ വിശദമായി ചോദ്യം ചെയ്തുവരികയാണ്.

# അര സെന്റിനെ ചൊല്ലി അയൽവാസികൾ ഏറ്റുമുട്ടി; രണ്ടുപേർക്ക് പരിക്ക്

ആലക്കോട്: അതിർത്തി തർക്കത്തെച്ചൊല്ലി അയൽവാസികൾ തമ്മിലുണ്ടായ സംഘട്ടനത്തിൽ രണ്ടുപേർക്ക് പരിക്കേറ്റു. മാമ്പൊയിൽ ചുള്ളിപ്പള്ള ചെമ്മണ്ണ്കുന്നിലെ ഇഞ്ചിക്കാലയിൽ തങ്കച്ചൻ (52), അയൽവാസി കാവനാടിയിൽ റോബിൻ ജോൺ (28) എന്നിവർക്കാണ് പരിക്കേറ്റത്. കഴിഞ്ഞ ദിവസം വൈകുന്നേരമാണ് സംഭവം. അയൽവാസികളായ ഇരുവരും തമ്മിൽ അര സെന്റ് സ്ഥലത്തെ ചൊല്ലി നിലനിൽക്കുന്ന തർക്കമാണ് സംഘട്ടനത്തിൽ കലാശിച്ചത്. റോബിൻ സ്ക്രൂഡ്രൈവർ കൊണ്ട് തന്നെ കുത്തി പരിക്കേൽപ്പിച്ചുവെന്നാണ് തങ്കച്ചന്റെ പരാതി. ഇയാൾ പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. അതേസമയം തങ്കച്ചൻ, മക്കളായ ജെസ്റ്റിൻ, ജിബിൻ എന്നിവർ ചേർന്ന് തന്നെ ആക്രമിച്ചുവെന്നാണ് റോബിന്റെ പരാതി. ഇയാൾ തളിപ്പറമ്പ ഗവ. ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവമറിഞ്ഞ് പോലീസ് സ്ഥലത്ത് എത്തിയിരുന്നു. ഇരുവരുടെയും പരാതികളിൽ പോലീസ് കേസെടുത്തു.

# ഒരു ഗോളിന് എടപ്പാളിനെ വീഴ്ത്തി മഞ്ഞപ്പടയുടെ കുതിപ്പ്

**നിയാസ് ഇബ്രാഹിം**

തളിപ്പറമ്പ: ഇരുടീമുകളും മികച്ച പ്രകടനം പുറത്തെടുത്ത മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിന് സ്കൈ ബ്ലൂ എടപ്പാളിനെ വീഴ്ത്തി മഞ്ഞപ്പടയായെത്തിയ സയ്യിദ്നഗർ ബ്ലാസ്റ്റേഴ്സ് പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഗോളൊന്നും പിറക്കാത്ത ആദ്യ പകുതിക്ക് ശേഷം രണ്ടാം പകുതിയിൽ 45-ാം മിനുട്ടിൽ മമ്മദ് നേടിയ ഗോളിലൂടെയാണ് സയ്യിദ്നഗറിന്റെ പ്രീ ക്വാർട്ടർ പ്രവേശനം. പേരിലും ജേഴ്സിയിലും കേരള ബ്ലാസ്റ്റേഴ്സിനെ അനുകരിച്ച സയ്യിദ്നഗർ ബ്ലാസ്റ്റേഴ്സാണ് ആദ്യ പകുതിയിൽ മികച്ചു നിന്നത്. ഇരു ടീമുകളുടെയും ഗോൾ കീപ്പർമാർ കണ്ണഞ്ചിപ്പിക്കുന്ന സേവുകളുമായി കളം നിറഞ്ഞു. രണ്ടാം പകുതിയിൽ മത്സരത്തിന്റെ 45-ാം മിനുട്ടിൽ മികച്ച നീക്കത്തിലൂടെ പന്ത് പോസ്റ്റിലെത്തിച്ച് മമ്മദാണ് വിജയഗോൾ നേടിയത്. തുടർന്ന് ഇരുടീമിനും നിരവധി ഗോൾ അവസരങ്ങൾ ലഭിച്ചെങ്കിലും ഒന്നും ലക്ഷ്യത്തിലെത്തിയില്ല. നന്നായി പൊരുതിയ ശേഷമാണ് കീഴടങ്ങിയതെന്ന് സ്കൈ ബ്ലൂ എടപ്പാളിന് ആശ്വസിക്കാം. അതേസമയം ഒരു ഗോൾ മാത്രമേ നേടിയിരുന്നുള്ളുവെങ്കിലും ബ്രൂസ്, ബെഞ്ചമിൻ, മമ്മദ് ത്രയങ്ങൾ നടത്തിയ നീക്കങ്ങളിൽ ഏറെക്കുറെ ഗോൾ വീണുവെന്ന് തോന്നിപ്പിച്ച പല മുഹൂർത്തങ്ങളും സൃഷ്ടിക്കപ്പെട്ടു. ഗോളിനുള്ള അവസരങ്ങൾ അന്വേഷിച്ച് അക്രമണോത്സുക കളിയാണ് ഇരു ടീമുകളും പുറത്തെടുത്തത്. അതിനാൽ മത്സരത്തിന് വേഗവും കൂടുതലായിരുന്നു. നിർണ്ണായക ഗോൾ നേടിയ മമ്മദ് മത്സരത്തിലെ താരമായി. ഇന്ന് ആദ്യ പ്രീ ക്വാർട്ടർ മത്സരത്തിൽ ഹിറ്റാച്ചി തൃക്കരിപ്പൂർ ബൈ ടീമായ സെലക്ടഡ് വളപട്ടണത്തെ നേരിടും.



തീ പിടിച്ച തിമിരി പച്ചാണിയിൽ എം.കെ.പ്രദീപന്റെ റബർ തോട്ടം

# പച്ചാണിയിൽ റബർ തോട്ടത്തിന് തീപ്പിടിച്ചു

ആലക്കോട്: റബർ തോട്ടത്തിലുണ്ടായ അഗ്നിബാധയിൽ മൂന്ന് കർഷകരുടെ രണ്ട് ഏക്കറോളം സ്ഥലം കത്തിനശിച്ചു. തിമിരി പച്ചാണിയിൽ കഴിഞ്ഞ ദിവസം വൈകുന്നേരമാണ് സംഭവം. സി.പി.എം തിമിരി ലോക്കൽ സെക്രട്ടറി എം.കെ.പ്രദീപൻ മാസ്റ്റർ, വി.വി.ദാമോദരൻ, ശശി ചിറ്റയിൽ എന്നിവരുടെ ടാപ്പിംഗ് നടത്തിക്കൊണ്ടിരിക്കുന്ന റബർ തോട്ടങ്ങളിലാണ് തീപ്പിടിച്ചത്. നാട്ടുകാർ ചേർന്ന് തീ അണച്ചതിനാലാണ് കൂടുതൽ നാശനഷ്ടം ഒഴിവായത്. നാടുകാണി നരിമടയിൽ ഇന്നലെ രാത്രിയിലുണ്ടായ അഗ്നിബാധയിൽ പാറപ്രദേശത്തെ ഏക്കർ കണക്കിന് സ്ഥലവും കത്തിനശിച്ചു. നാട്ടുകാരും ഫയർഫോഴ്സും ചേർന്നാണ് തീ അണച്ചത്.

പ്രവർത്തനം ആരംഭിച്ചു

ആയുർവേദത്തിലേക്ക് മടങ്ങൂ....
ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കൂ....
ജീവിതശൈലി രോഗങ്ങളെ ആയുർവേദത്തിലൂടെ പ്രതിരോധിക്കൂ...!!!

AYUSH

വെൽനസ്സ് സെന്റർ

അൻസാർ, കോംപ്ലക്സ്, തളിപ്പറമ്പ
ഫോൺ: 9847112262, 9744586886



# പോലീസ് വയർലെസ് സെറ്റിൽ അസഭ്യ വർഷം; കേസെടുത്ത് അന്വേഷണം തുടങ്ങി

കണ്ണൂർ: കണ്ണൂരിലെ ക്രമസമാധാനം വിലയിരുത്തിയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ ചർച്ചയ്ക്കിടെ വയർലെസ് സെറ്റിലൂടെ ചീത്തവിളി വന്നതിനെ കുറിച്ച് അന്വേഷണം തുടങ്ങി. ടെലികമ്മ്യൂണിക്കേഷൻ എസ്.ഐ ബാഹുലേയന്റെ പരാതിയിൽ ടൗൺ പോലീസാണ് കേസെടുത്തത്. സ്പെഷ്യൽ ബ്രാഞ്ച് പോലീസാണ് അന്വേഷണം നടത്തുന്നത്. ഇന്നലെ രാവിലെ പോലീസിന്റെ 'സാട്ട' പരിപാടിക്കിടെയാണ് സംഭവം നടന്നത്. ജില്ലാ പോലീസ് മേധാവി എല്ലാ ദിവസവും രാവിലെ വിവിധ പോലീസ് സ്റ്റേഷനുകളുമായി സംസാരിക്കുന്നതാണ് 'സാട്ട'. എസ്.പി അവധിയായതിനാൽ ജില്ലയിലെ നാല് ഡി.വൈ.എസ്.പിമാരാണ് ഇന്നലെ 'സാട്ട'ക്ക് നേതൃത്വം നൽകിയത്. ഇരിട്ടി ഡി.വൈ.എസ്.പി പ്രജീഷ് തോട്ടത്തിൽ സംസാരിക്കുന്നതിനിടയിലാണ് അസഭ്യവർഷം കടന്നുവന്നത്. മാലൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുമായി സംസാരിച്ച ശേഷം അടുത്ത സ്റ്റേഷനിലേക്ക് പ്രവേശിക്കുന്നതിനിടയിലാണ് തെറിവിളി വന്നത്. ഇത് എവിടെ നിന്ന് വന്നതാണെന്ന് കണ്ടെത്താനാണ് ശ്രമം. പോലീസ് സ്റ്റേഷനുകളിൽ മാത്രമല്ല പോലീസിന്റെ വിവിധ വാഹനങ്ങളിലും വയർലെസ് സെറ്റുണ്ടാകും. പോലീസ് വാഹനങ്ങളിലെ വയർലെസ് സെറ്റുകളിലും സന്ദേശമെത്തുമെങ്കിലും അതിന്റെ ബട്ടൺ അമർത്തിയാൽ മാത്രമേ തിരിച്ച് സംസാരിക്കാൻ കഴിയുകയുള്ളൂ. ഏതെങ്കിലും പോലീസ് വാഹനത്തിലെ വയർലെസ് സെറ്റിന്റെ ബട്ടൺ അബദ്ധത്തിൽ അമർത്തിപോയപ്പോൾ സമീപത്ത് നിന്ന് മൊബൈൽ ഫോണിലോ മറ്റോ സംസാരിക്കുന്നയാൾ നടത്തിയ അസഭ്യവർഷമാണോ വയർലെസ് സെറ്റിലൂടെ എത്തിയതെന്ന സംശയമുണ്ട്. ഇതിന് പുറമെ കർണ്ണാടക ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും കണ്ണൂർ എഫ്.എം റേഡിയോയുടെയും ചില കാര്യങ്ങൾ പോലീസിന്റെ വയർലെസ് സെറ്റിൽ കടന്നുവരാറുണ്ട്. ഇവയുടെ ഫ്രീക്വൻസിയിലുണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ഇങ്ങനെ സംഭാഷണമെത്താൻ ഇടയാക്കുന്നത്. ഇക്കാര്യവും അന്വേഷിക്കും.

# എം.ഡി.എം.എ മയക്കുമരുന്നും കഞ്ചാവുമായി യുവാവ് അറസ്റ്റിൽ



പിടിയിലായ ഷാനവാസ്



പിടികൂടിയ മയക്കുമരുന്നും കഞ്ചാവും

ശ്രീകണ്ഠപുരം: എക്സൈസ് റെയ്ഞ്ച് സംഘം നടത്തിയ പരിശോധനയിൽ കഞ്ചാവും മാരക മയക്കുമരുന്നുമായി യുവാവ് അറസ്റ്റിൽ. ശ്രീകണ്ഠപുരം എക്സൈസ് ഇൻസ്പെക്ടർ പി.പി.ജനാർദനന്റെ നേതൃത്വത്തിൽ കൂട്ടുപുഴ, പേരട്ട ഭാഗങ്ങളിൽ നടത്തിയ പരിശോധനയിലാണ് പാലക്കാട് മണ്ണാർക്കാട്ടെ കാരക്കുറിശി വീട്ടിൽ ഷാനവാസി(24)നെ അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും 400 ഗ്രാം എം.ഡി.എം.എ എന്ന മാരക മയക്കുമരുന്നും 25 ഗ്രാം കഞ്ചാവും പിടിച്ചെടുത്തു. വിദേശരാജ്യങ്ങളിൽ കാണുന്ന ഈ മയക്കുമരുന്ന് ബംഗ്ളൂരുവിൽ നിന്നാണ് കൊണ്ടുവന്നതെന്ന് പ്രതി പറഞ്ഞു. ഇതിന്റെ നാല് ഗ്രാം ഉപയോഗം 48 മണിക്കൂർ വരെ ലഹരി നിലനിർത്തുമെന്നും ഇതിന് കിലോക്ക് മാർക്കറ്റിൽ കോടിക്കണക്കിന് രൂപ വിലവരുമെന്നും എക്സൈസ് അധികൃതർ പറഞ്ഞു. ജില്ലയിൽ ആദ്യമായാണ് എം.ഡി.എം.എ ലഹരി മരുന്ന് പിടികൂടുന്നത്. പ്രതിയെ മട്ടന്നൂർ കോടതിയിൽ ഹാജരാക്കി. പ്രിവന്റീവ് ഓഫീസർമാരായ പി.ടി.യേശുദാസൻ, പി.ആർ.സജീവ്, സിവിൽ എക്സൈസ് ഓഫീസർമാരായ എം.വി.അഷ്റഫ്, പി.പി.പ്രകാശൻ, കെ.രമേശൻ, അബ്ദുൾലത്തീഫ്, ടി.ഒ.വിനോദ് എന്നിവരും പ്രതിയെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

ഇരിട്ടി: ഇരിട്ടി റെയ്ഞ്ച് എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ 24 ഗ്രാം കഞ്ചാവുമായി യുവാവിനെ പിടികൂടി. മണത്തണയിലെ കക്കറ അരുൺ (22)നെയാണ് ഇരിട്ടിയിൽ വച്ച് ഇൻസ്പെക്ടർ സിനു കൊയില്യത്ത്, പ്രിവന്റീവ് ഓഫീസർ അബ്ദുൾനിസാർ, സിവിൽ എക്സൈസ് ഓഫീസർമാരായ അനിൽകുമാർ, കെ.കെ.ബിജു, പി.കെ.സജേഷ് എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

തളിപ്പറമ്പ: തളിപ്പറമ്പ് എക്സൈസ് റെയിഞ്ച് സംഘം കഞ്ചാവ് സഹിതം യുവാവിനെ പിടികൂടി. പൂവ്വം കുരിശിന്റെ കോളനിയിലെ രാജേഷിനെയാണ് പ്രിവന്റീവ് ഓഫീസർമാരായ കെ.പി.വിജയൻ, ഗിരീഷ്, സി.ഇ.ഒമാരായ കെ.വി. ഷാജി, ടി.വി. വിനേഷ്, എൻ.വി. പ്രവീൺ എന്നിവർ പിടികൂടിയത്.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2815
പവന് :22,520

പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

# യുവതിയെ വീട്ടിൽ നിന്ന് കാണാതായി

ആലക്കോട്: യുവതിയെ വീട്ടിൽ നിന്ന് കാണാതായതായി പരാതി. തേർത്തല്ലി പെരുവട്ടത്തെ രവിയുടെ മകൾ രഞ്ജന (19)യെയാണ് കാണാതായത്. ഇന്നലെ രാത്രി 7.30ഓടെയാണ് കാണാതായത്. സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയാണ്. ബന്ധുക്കളുടെ പരാതിയിൽ പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

# യുവാവിന് കത്തിക്കുത്തേറ്റു

പരിയാരം: കത്തിക്കുത്തേറ്റ പരിക്കുകളോടെ കുറ്റൂർ മൈലൻഞ്ചേരിയിലെ പി.സജിത്തി(33)നെ പരിയാരം മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി മൈലൻഞ്ചേരിയിൽ വച്ച് ഒരു സുഹൃത്ത് റബർ കത്തി കൊണ്ട് കുത്തിപ്പരിക്കേൽപ്പിച്ചുവെന്നാണ് പറയുന്നത്. ഗുരുതരമായി പരിക്കേറ്റ സജിത്ത് തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുകയാണ്.

# വിദ്യാർത്ഥിക്ക് സൂര്യതാപമേറ്റു

ആലക്കോട്: ബൈക്ക് യാത്രയ്ക്കിടെ കോളേജ് വിദ്യാർത്ഥിക്ക് സൂര്യതാപമേറ്റു. തിമിരി ഔവർ കോളേജ് വിദ്യാർത്ഥി കൂത്തമ്പലത്തെ പുന്നയ്ക്കൽ മുഹമ്മദി (20)നാണ് സൂര്യതാപമേറ്റത്. കഴിഞ്ഞ ദിവസം കൂത്തമ്പലത്ത് നിന്ന് പെരുമ്പടവിലേയ്ക്കുള്ള യാത്രയ്ക്കിടെയാണ് സംഭവം. കഴുത്തിന് ചുറ്റും പൊള്ളിയ നിലയിലാണ്. മുഹമ്മദിനെ പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

# ചരമം



**ഖദീജ**

ആലക്കോട്: രയരോം മൂന്നാംകുന്നിലെ പരേതനായ മാഹിന്റെ ഭാര്യ പൂക്കോത്ത് ഖദീജ (85) നിര്യാതയായി. മക്കൾ: ആമിന, ഫാത്തിമ, ആയിഷ, അസ്മ, അഹമ്മദ്, മുഹമ്മദ്കുഞ്ഞി (ആലക്കോട് പഞ്ചായത്ത് മുസ്ലിംലീഗ് സെക്രട്ടറി). മരുമക്കൾ: ഹുസൈൻ (പെടേന), കുഞ്ഞാവ, സൈതലവി (ഇരുവരും പരപ്പനങ്ങാടി), ബുഷ്റ (പെരുവണ), ഷാഹിന (രയരോം).



**പാർവ്വതിയമ്മ**

പടപ്പേങ്ങാട്: പൊതുജന വായനശാലക്ക് സമീപത്തെ വണ്ണാറത്ത് പാർവ്വതിയമ്മ (92) നിര്യാതയായി. ഭർത്താവ്: പരേതനായ എം.വി. നാരായണൻ നായർ. മകൾ: നാരായണി. മരുമകൻ: പരേതനായ ഐ.വി. നാരായണൻ.

# പണം നഷ്ടപ്പെട്ടു

തളിപ്പറമ്പ: ഇന്ന് രാവിലെ ഏഴാംമൈലിൽ നിന്ന് തളിപ്പറമ്പ കെ.എസ്.എഫ്.ഇയിലേക്കുള്ള ബൈക്ക് യാത്രക്കിടെ 18500 രൂപ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ ദയവായി 9995908726 എന്ന നമ്പറിൽ ബന്ധപ്പെടണം.

# വയൽക്കിളികളുടെ സമരം....

*(ഒന്നാം പേജിൽ നിന്ന്)*

കീഴാറ്റൂർ മുതൽ കുറ്റിക്കോൽ വരെ പൂർണ്ണമായും നെൽവയലിലൂടെ ദേശീയപാത വഴി മാറ്റി വിട്ടതിനെതിരെ വയൽക്കിളികൾ ആരംഭിച്ച സമരത്തിന്റെ ഒരു ഘട്ടത്തിൽ മന്ത്രി തന്ന ഉറപ്പും ലംഘിച്ച് ആദ്യം നിശ്ചയിച്ച വഴിയിലൂടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയായിരുന്നു. ഇതിനെതിരെ കീഴാറ്റൂരിലെ 45 കൃഷിക്കാരടക്കം നിരവധി പേർ പരാതി നൽകി. ഇത് പരിശോധിക്കുന്നതിന് പകരം സമ്മതപത്രം സ്വീകരിക്കുന്ന നാടകമാണ് എം.എൽ.എയും കൂട്ടരും നടത്തുന്നത്. നെൽവയലും തണ്ണീർതടവും സംരക്ഷിക്കാനുള്ള വയൽക്കിളികളുടെ സമരത്തെ അപഹസിച്ചും ആക്ഷേപിച്ചും നുണപ്രചരണങ്ങൾ നടത്തിയും നേരിടുന്നതിന്റെ ഒടുവിലത്തെ ഉദാഹരണം മാത്രമാണ് സമ്മതപത്രം സ്വീകരിക്കൽ നാടകം. അതിജീവനത്തിന്റെ ചുവന്ന ലോങ്ങ് മാർച്ച് മഹാരാഷ്ട്രയിൽ നടക്കുമ്പോഴാണ് ഇവിടെ കമ്മ്യൂണിസ്റ്റുകാരുടെ ചുവന്ന ഗ്രാമത്തിൽ ബി.ഒ.ടി ഹൈവേ നാലര കിലോമീറ്റർ വയലിലേക്ക് വഴി തിരിച്ചുവിട്ട് കൃഷിക്കാരുടെയും കർഷക തൊഴിലാളികളുടെയും ചരമക്കുറിപ്പെഴുതാൻ എം.എൽ.എ മുൻകൈയെടുക്കുന്നത്. ഈ കൊടും വരൾച്ചയിലും ജലക്ഷാമമില്ലാത്ത ഗ്രാമങ്ങളെ മരുഭൂമിയാക്കുന്നത് വരും തലമുറയോട് കാണിക്കുന്ന ക്രൂരതയാണ്. അവർ ചൂണ്ടിക്കാട്ടി.




കാർഷിക വികസന ബാങ്കിന്റെ ജപ്തി നടപടികൾ ചെറുപുഴയിൽ കർഷക കോൺഗ്രസ് പ്രവർത്തകർ ബാങ്ക് ഉപരോധിച്ച് തടയുന്നു.

# കാർഷിക വികസന ബാങ്കിന്റെ ജപ്തി നടപടികൾ കർഷക കോൺഗ്രസ് തടഞ്ഞു

ആലക്കോട്: വായ്പ കുടിശികയുടെ പേരിൽ മലയോരത്തെ 60ഓളം കർഷകരെ ജപ്തി ചെയ്യുന്നത് കർഷക കോൺഗ്രസ് പ്രവർത്തകർ തടഞ്ഞു. തളിപ്പറമ്പ് കാർഷിക വികസന ബാങ്കിന്റെ ജപ്തി നടപടികളാണ് ഇന്ന് രാവിലെ 11 മണിയോടെ ബാങ്കിന്റെ ചെറുപുഴ ബ്രാഞ്ചിൽ സംഘടിച്ചെത്തിയ കർഷക കോൺഗ്രസ് പ്രവർത്തകർ തടഞ്ഞത്. ബാങ്കിൽ നിന്ന് വായ്പയെടുത്ത ചുണ്ടയിലെ ഇടയാടി കുന്നുംപുറത്ത് ഷിബു, പാടിയോട്ടുചാലിലെ തലയില്ലത്ത് ഹമീദ്, അച്ചുമാടത്ത് അബ്ദുൾ സത്താർ, കൊല്ലാടയിലെ വാഴപ്പള്ളിൽ ജോസഫ്, തിരുമേനിയിലെ പൂവക്കുളത്ത് സന്തോഷ് എന്നിവരുടെ പേരുകളിലുള്ള ഭൂമി ജപ്തി ചെയ്യുന്നതിനാണ് ഇന്ന് തീരുമാനിച്ചിരുന്നത്. ആലക്കോട്, ഉദയഗിരി ഉൾപ്പെടെയുള്ള മേഖലകളിലെ കർഷകരുടെ ഭൂമി അടുത്ത ദിവസങ്ങളിലും ജപ്തി ചെയ്യും. ഇതിനെതിരെ കർഷക കോൺഗ്രസ് ജില്ലാ കമ്മിറ്റി നേതൃത്വത്തിലാണ് സമരം. ജപ്തിക്കെത്തുന്ന സെയിൽ ഓഫീസറെ ബാങ്കിന് മുന്നിൽ ഉപരോധിച്ചാണ് സമരം. ഒരു കർഷകരെയും ജപ്തി ചെയ്യാൻ ബാങ്കിനെ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചാണ് സമരം. സംസ്ഥാന ജനറൽ സെക്രട്ടറി കെ.സി. വിജയൻ സമരം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി.ടി. സുഗുണൻ അധ്യക്ഷത വഹിച്ചു. അഡ്വ. ടോണി ജോസഫ്, കാരയിൽ മൊയ്തു, അപ്പു കണ്ണാവിൽ, കെ.ജെ. തോമസ്, ജോൺസൺ ചിറവയൽ, അപ്പുക്കുട്ടൻ സ്വാമിമഠം, ഷെന്നി മാങ്കോട്ടിൽ, ടോമി കണയങ്കൽ, പി.ആർ. വിജയൻ പ്രസംഗിച്ചു. കടക്കെണിയിലായ കർഷകരെ ജപ്തി ചെയ്യുന്നത് സംബന്ധിച്ച് മക്തബ് കഴിഞ്ഞ ദിവസം വാർത്ത പ്രസിദ്ധീകരിച്ചിരുന്നു.

# തുരുത്തി കോളനി വഴി ബൈപ്പാസ് നിർമ്മാണം; പി.കെ.എസ് മാർച്ച് നടത്തി

തളിപ്പറമ്പ: പാപ്പിനിശേരി തുരുത്തി പട്ടികജാതി കോളനിയിൽ കൂടി ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനെതിരെ പട്ടികജാതി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ തളിപ്പറമ്പ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന നാഷണൽ ഹൈവേ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. കോളനിയിലെ 18 ഓളം വീടും ആരാധനാലയങ്ങളും നാഷണൽ ഹൈവേ ബൈപ്പാസ് നിർമ്മാണത്തിനിടെ നഷ്ടപ്പെടും. രണ്ട് വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് ബൈപ്പാസ് നിർമ്മാണം കോളനി വഴി നിർമ്മിക്കുന്നതെന്ന് ഇവർ പറയുന്നു. പി.കെ.എസ് ജില്ലാ സെക്രട്ടറി ഇ.ഗംഗാധരൻ മാർച്ച് ഉദ്ഘാടനം ചെയ്തു. ടി.അജയൻ അധ്യക്ഷനായി. ഇ.രാഘവൻ മാസ്റ്റർ, വി.അഖിലേഷ്, ഇ.സുജാത സംസാരിച്ചു. കെ.പുരുഷോത്തമൻ, കെ.റോജ, കെ.സരസ്വതി, ടി.പുഷ്പ, ഷീജ ഉത്തമൻ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.



പി.കെ.എസിന്റെ നേതൃത്വത്തിൽ തുരുത്തി കോളനി നിവാസികൾ നാഷണൽ ഹൈവേ ഓഫീസിന് മുന്നിൽ നടത്തിയ ഉപരോധം

# കാട്ടുപന്നിയുടെ കുത്തേറ്റ് പരിക്ക്

കണ്ണൂർ: ചിറക്കൽ കാഞ്ഞിരത്തറയിൽ ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന മൂന്നുപേർക്ക് കാട്ടുപന്നിയുടെ കുത്തേറ്റു. കാഞ്ഞിരത്തറയിലെ റഹീസ്, പി.ടി. ഹരിദാസൻ, വി.കെ. താഹ എന്നിവർക്കാണ് പരിക്കേറ്റത്. ഇന്ന് പുലർച്ചെയാണ് സംഭവം. കാഞ്ഞിരത്തറ അക്കരമ്മൽ, കുന്നുകൈ, പുഴാതി എന്നിവിടങ്ങളിൽ കാട്ടുപന്നിയുടെ അക്രമം അതിരൂക്ഷമാണ്.

# കീഴാറ്റൂരിലെ കൊലപാതക ഗൂഢാലോചനക്ക് കൂടി ആർ.എസ്.എസുകാർക്കെതിരെ കേസെടുക്കണം: പി.ജയരാജൻ

കണ്ണൂർ: തൃച്ചംബരം ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട് നടത്തിയ അക്രമത്തിൽ അറസ്റ്റിലായ ആർ.എസ്.എസ് പ്രവർത്തകർക്ക് എതിരേ കീഴാറ്റൂർ വയലിലെ കൊലപാതക ഗൂഢാലോചനയ്ക്ക് കൂടി കേസ് എടുക്കണമെന്ന് സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. തൃച്ചംബരം ക്ഷേത്രോത്സവത്തിനിടയിൽ നാല് എസ്.എഫ്.ഐ പ്രവർത്തകരെയാണ് കൊലപ്പെടുത്താൻ ഈ സംഘം ശ്രമിച്ചത്. പിടിയിലായ പ്രതികൾ കീഴാറ്റൂർ വയലിൽ അക്രമം നടത്താൻ പദ്ധതിയിട്ടിരുന്നുവെന്ന് പോലീസിന് മൊഴി നൽകിയതായാണ് മനസിലാക്കുന്നത്.

ഈ ക്രിമിനൽ സംഘം താവം ബാറിൽ വെച്ച് അക്രമം നടത്തുകയും തുടർന്ന് കീഴാറ്റൂർ വയലിൽ എത്തുകയുമായിരുന്നു. അവിടെയുള്ള ബസ് ഷെൽട്ടറിൽ ഇരിക്കുകയായിരുന്ന രതീഷിനെയും മറ്റൊരാളെയും വക വരുത്തുകയുമായിരുന്നു ഉദ്ദേശ്യം. എന്നാൽ അക്രമിസംഘം എത്തിയപ്പോൾ അവരെ കാണാനാവാതെ നിരാശരായി മടങ്ങുകയായിരുന്നുവെന്നാണ് മൊഴി. ലക്ഷ്യമിട്ട രതീഷ് കീഴാറ്റൂർ വയൽസമര നേതാവ് സുരേഷ് കീഴാറ്റൂരിന്റെ സഹോദരനാണ്. ഈ സമരത്തിനെതിരെ സി.പി.എം ജനങ്ങളെ അണിനിരത്തിവരികയാണ്. ഇതിന്റെ ഫലമായി നാഷണൽ ഹൈവേ ബൈപ്പാസിനായി ഇവിടത്തെ മൊത്തം 60 ഭൂ ഉടമകളിൽ 56 പേരും സ്ഥലം വിട്ടുകൊടുക്കുന്നതിനായി സമ്മതപത്രം നൽകിയിരിക്കുകയാണ്. ഇതിനിടയിലാണ് സംഘപരിവാരത്തിന്റെ ഭാഗമായ യുവമോർച്ച സമരത്തിന് വീര്യം പകരാൻ എത്തിയത്. നാടാകെ വികസനത്തിന് കൊതിക്കുമ്പോൾ വികസന വിരുദ്ധരുടെ പക്ഷം നിന്ന് മുതലെടുപ്പ് നടത്താനാണ് ബി.ജെ.പി ശ്രമം. എന്നാൽ ജനങ്ങളിൽ നിന്ന് സമരക്കാർ ഒറ്റപ്പെടുന്നുവെന്ന് മനസിലാക്കിയ ആർ.എസ്.എസ് നേതൃത്വം അത്യന്തം ക്രൂരമായ നിലയിൽ ഇരട്ടക്കൊലപാതകം നടത്താനാണ് ആസൂത്രണം ചെയ്തത്.

കീഴാറ്റൂർ വയലിൽ കൊലപാതകം നടത്തി തളിപ്പറമ്പ് ഉൾപ്പെടെ മറ്റു മേഖലകളിൽ കലാപമുണ്ടാക്കുകയായിരുന്നു ആർ.എസ്.എസ് പദ്ധതി. അതിന്റെ ഭാഗമായി നടത്തിയ നാടകമായിരുന്നു താവത്ത് നടന്നത് എന്നാണ് അനുമാനിക്കേണ്ടത്. ഇതിന്റെ പിന്നിൽ വൻ ഗൂഢാലോചനയുണ്ട്. തളിപ്പറമ്പിലെ കാര്യാലയം കേന്ദ്രീകരിച്ചുകൊണ്ട് കലാപ ഗൂഢാലോചന നടത്തിയ ആർ.എസ്.എസ് നേതാക്കൾക്കെതിരെയും കേസെടുക്കണം. അദ്ദേഹം ആവശ്യപ്പെട്ടു.

# തൃച്ചംബരം ഉത്സവം: കലാപരിപാടികൾ നിർത്തിവെപ്പിച്ചതിനെതിരെ പ്രതിഷേധം പുകയുന്നു

തളിപ്പറമ്പ: ഇന്നലെ പുലർച്ചെ തൃച്ചംബരത്ത് എസ്.എഫ്.ഐ പ്രവർത്തകർ അക്രമിക്കപ്പെട്ടതിനെ തുടർന്ന് തൃച്ചംബരം ഉത്സവത്തിന്റെ ഭാഗമായി പൂക്കോത്ത്നടയിൽ നടക്കുന്ന കലാപരിപാടികൾ നിർത്തിവെപ്പിച്ചതിനെതിരെ പ്രതിഷേധം പുകയുന്നു. ക്രമസമാധാനപാലനം കണക്കിലെടുത്താണ് പോലീസ് കലാപരിപാടികൾക്ക് നൽകിയ അനുമതി പിൻവലിച്ചത്. എന്നാൽ കലാപരിപാടികൾ നടക്കുന്ന പൂക്കോത്ത്നടയിൽ വച്ചോ ക്ഷേത്രത്തിൽ വച്ചോ അല്ല സംഘർഷമുണ്ടായതെന്ന് ഭക്തജനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഏതോ ഒരു ഭാഗത്ത് നടന്ന രാഷ്ട്രീയ അക്രമത്തിന്റെ പേരിൽ കലാപരിപാടികൾ നിർത്തിവെപ്പിച്ചത് നീതികരിക്കാനാവില്ലെന്നാണ് ശ്രീകൃഷ്ണ സേവാസമിതി ഉൾപ്പെടെയുള്ള സംഘടനകളുടെ നിലപാട്. കലാപരിപാടികൾ നിർത്തിവെപ്പിച്ചതോടെ തൃച്ചംബരത്ത് അതിഭീകരമായ എന്തോ സംഭവം നടന്നുവെന്ന പ്രതീതിയാണ് പുറത്തുള്ളവരുടെ മനസിനകത്തുണ്ടായത്. ഇതോടെ ക്ഷേത്രോത്സവത്തിന് തന്നെ ആളുകൾ വരുന്നത് കുറഞ്ഞിരിക്കുകയാണ്. ഫലത്തിൽ ഇത് ഉത്സവം തന്നെ നിരോധിക്കുന്ന അവസ്ഥയാണ് സൃഷ്ടിക്കുന്നതെന്ന് ഭക്തജനങ്ങൾ ആരോപിക്കുന്നു. അതിനിടയിൽ കലാപരിപാടികൾക്ക് അനുമതി നൽകണമെന്ന ആവശ്യവുമായി സേവാസമിതി പോലീസിനെ സമീപിച്ചിട്ടുണ്ട്. അനുമതി ലഭിച്ചില്ലെങ്കിലും കലാപരിപാടികൾ നടത്തണമെന്ന ആവശ്യമാണ് വിവിധ ഭക്തസംഘടനകൾ ഉയർത്തുന്നത്.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 122 RNI Reg.No.KER MAL/2007/22043